(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രമുഖ നദികളായ ഭാരതപ്പുഴ, കുന്തിപ്പുഴ, ശോക നാശിനിപ്പുഴ എന്നീ നദികളിലെ വിപുലമായ ജലസേചന സൗകര്യം ഉപയോ ഗപ്പെടുത്തി മലബാറിലെ കാർഷിക പുരോഗതിക്ക് നിറക്കൂട്ട് പകരുവാൻ പദ്ധതിയുണ്ട്. എന്നാൽ കടലുണ്ടിപ്പുഴ, മുറിയക്കണ്ണിപ്പുഴ എന്നീ നദികളിൽ ഇപ്പോൾ പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി) ഭാരതപ്പുഴയിൽ വേനൽകാലത്ത് അനുഭവപ്പെടുന്ന ജലക്ഷാമവും പാലക്കാട് ജില്ലയിൽ മൊത്തമായി അനുഭവപ്പെടുന്ന വരൾച്ചയും കണക്കി ലെടുത്ത് ഈ ജില്ലയിലെ പുഴകളിലുടനീളം തടയണകളുടെ ഒരു ശൃംഘലതന്നെ തീർക്കണമെന്ന പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ഭാരതപ്പുഴ യിൽ പറളിയും ലക്കിടി പേരൂരിനും ഇടയിലായി 7 ചെക്ക്ഡാമുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ട്. ശോകനാശിനിപ്പുഴയിൽ തൽക്കാലം ഒരു ചെക്ക് ഡാമിനു മാത്രമേ പദ്ധതിയുള്ളൂ. കുന്തിപ്പുഴയിൽ ആറാട്ടുകടവിലും ചങ്ങലേരി കടവിലും ഓരോ ചെക്ക് ഡാം നിർമ്മിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

തലശ്ശേരി-കുഞ്ഞുച്ചിറ അണക്കെട്ട് പാലം നിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ

104 [5365] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-കുഞ്ഞുച്ചിറ അണക്കെട്ട് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നിർമ്മാണത്തിനായി കൈക്കൊണ്ട നടപടി ക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കിണറുകൾ കുഴിക്കുവാനായി ധനസഹായം

105 [5369] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എത്ര കിണറുകൾ കുഴിക്കുവാനായി ധനസഹായം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly